**Deepika**

**27 August 2018**

**Kochi; After Flood, Flood Restoration, Cleaning**



# ശുചീകരണ പ്രവർത്തനങ്ങളുമായി കൊച്ചി കോർപറേഷൻ

**22 ടീമുകളായി തിരിഞ്ഞാണ് ശുചീകരണം നടത്തിയത്. പ്രദേശങ്ങളിലെ ചേറും ചെളിയും വീടുകളിലെ മാലിന്യങ്ങളും നീക്കം ചെയ്തു.**

**കൊച്ചി:** നഗരത്തിലെ 28 പ്രളയദുരന്ത ബാധിത പ്രദേശങ്ങളിൽ കോർപറേഷൻ ശുചീകരണ പ്രവർത്തനങ്ങൾ നടത്തി. 22 ടീമുകളായി തിരിഞ്ഞാണ് ശുചീകരണം നടത്തിയത്. പ്രദേശങ്ങളിലെ ചേറും ചെളിയും വീടുകളിലെ മാലിന്യങ്ങളും നീക്കം ചെയ്തു. ജൈവ-അജൈവ മാലിന്യങ്ങൾ വേർതിരിച്ച് ശേഖരിച്ച് സംസ്കരണത്തിനായി ബ്രഹ്മപുരം പ്ലാന്റിലേക്കും കൈമാറി.

തമിഴ്നാട്ടിൽനിന്നു ലഭിച്ച അരിയും സാധനങ്ങളും നഗരസഭാ ജീവനക്കാരുടെ നേതൃത്വത്തിൽ രണ്ടു ട്രക്കുകളിൽ വിതരണം ചെയ്തു.

നഗരത്തിനു പുറമെ വൈപ്പിൻ, ആലുവ എന്നിവിടങ്ങളിൽ 1,500 കിറ്റുകൾ എത്തിച്ചു. നഗരാതിർത്തിയിലുള്ള ദുരിതബാധിത പ്രദേശങ്ങളിലെ വീടുകളും പൊതുസ്ഥാപനങ്ങളും റോഡുകളും ക്ലോറിനേറ്റ് ചെയ്തു. ക്യാമ്പുകൾ അവസാനിച്ച സ്കൂളുകളും വൃത്തിയാക്കി.

പ്രളയം ഏറെ ദുരിതം വിതച്ച ആലുവ നഗരസഭയിലെ തോട്ടക്കാട്ട്കരയിൽ 12 റോഡുകളിലും എട്ട് ബൈ ലെയിനുകളിലും അടിഞ്ഞ ചെളിയും മറ്റു മാലിന്യങ്ങളും ജെസിബിയും ടിപ്പറും ഉപയോഗിച്ച് നീക്കം ചെയ്തു. 18 ലോഡ് മാലിന്യമാണ് ഇവിടെനിന്നും നീക്കം ചെയ്തത്.

ഏലൂരിൽ ഹെൽത്ത് സെന്ററുകൾ, അങ്കണവാടികൾ, വിജ്ഞാന കേന്ദ്രം പൊതുനിരത്തുകൾ തുടങ്ങിയവ വൃത്തിയാക്കി. ഇവിടെനിന്നു ശേഖരിച്ച മാലിന്യങ്ങൾ തദ്ദേശീയമായി സംസ്കരിക്കുന്നതിന് കൈമാറി. എസ്സി കോളനി, പുറംചാൽ, മുട്ടാർ, ഡിപ്പോ റോഡ് എന്നിവിടങ്ങളിലെ ചെളി നീക്കംചെയ്ത് സഞ്ചാരയോഗ്യമാക്കി.

കടമക്കുടി പഞ്ചായത്തിലെ കോതാട്, കോരാംപാട് എന്നീ പ്രദേശങ്ങളും വൃത്തിയാക്കി. പ്രദേശത്തെ പൊതുനിരത്തുകളിൽ അടിഞ്ഞുകൂടിയ ചെളി ജെസിബി ഉപയോഗിച്ചാണ് നീക്കം ചെയ്തത്. കോർപറേഷനിലെ ഇരുന്നൂറ്റിനാൽപ്പത് ജീവനക്കാരാണ് ശുചീകരണത്തിൽ പങ്കാളികളായത്.